# കൊല്ലം ജില്ലാപഞ്ചായത്ത്

**തേവള്ളി പി.ഒ., കൊല്ലം-9. ഫോൺ : 2795198, 2793446, ഫാക്സ് : 0474-2795198 (216)**

e-mail : *dpklam@gmail.com*


---

<u>പ്രസിദ്ധീകരണത്തിന്</u>

## കാഴ്ചപ്പാട് - 2020

കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ഇപ്പോഴത്തെ ഭരണ സമിതി അധികാരത്തിൽ വന്നതിനുശേഷം ജില്ലയുടെ വികസന രംഗത്ത് സൃഷ്ടിച്ച മാറ്റങ്ങൾ നിലനിർത്തുന്നതിനും പുതിയ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും അടുത്ത 5 വർഷത്തെ വികസനം മുൻകൂട്ടിക്കണ്ട് ജില്ലയുടെ സമഗ്ര വികസനത്തിനുമായി ഒരു കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്തിൽ ചേർന്ന സംഗമത്തിൽ ജനപ്രതിനിധികൾ, രാഷ്ട്രീയ നേതാക്കൾ, സാംസ്കാരിക നായകർ, മുഴുവൻ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, വകുപ്പ് മേധാവികൾ എന്നിവർ പങ്കെടുത്തു.

2020-വരെയുള്ള ജില്ലയിലെ വികസന സ്വപ്നങ്ങൾ മുൻനിർത്തി ജില്ലാ പഞ്ചായത്ത് സംഘടിപ്പിച്ച കാഴ്ചപ്പാട് 2020-ന്റെ ഉദ്ഘാടനം കൊല്ലം എം.എൽ.എ പി.കെ. ഗുരുദാസൻ നിർവഹിച്ചു. ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എസ്. ജയമോഹൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ. അനിൽകുമാർ സ്വാഗതം ആശംസിച്ചു.

അധികാര വികേന്ദ്രീകരണത്തിന്റെ 20 സംവത്സരങ്ങൾ പിന്നിടുന്ന വേളയിൽ ജില്ലാ പഞ്ചായത്ത് സംഘടിപ്പിച്ച കാഴ്ചപ്പാട് 2020 ഇരുപത് നിലവിളക്കുകൾ തെളിയിച്ചാണ് ഉദ്ഘാടനം ചെയ്തത്.

ചവറ പാറുക്കുട്ടി, മുൻ എം.പി. പി. രാജേന്ദ്രൻ, കൊല്ലം എം.എൽ.എ പി.കെ. ഗുരുദാസൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എസ്. ജയമോഹൻ, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ: ആർ. ഗോപാലകൃഷ്ണ പിള്ള, മുൻ ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ചവറ വിജയൻ പിള്ള, സൗമ്യ ഗോപാലകൃഷ്ണൻ, കൂടാതെ കമറുദ്ദീൻ മുസലിയാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ കാരുവള്ളിൽ ശശി, അഡ്വ: സി.പി. സുധീഷ് കുമാർ, സംസ്ഥാനത്തെ മുതിർന്ന സാക്ഷരതാ പഠിതാവ് എലിസബത്ത്, ഫാമിംഗ് കോർപ്പറേഷൻ ചെയർമാൻ സി.എസ്. മോഹനൻ പിള്ള, തെക്കുംഭാഗം പഞ്ചായത്ത് പ്രസിഡന്റ് തങ്കച്ചി പ്രഭാകരൻ, ഡോ. ശിവരാമകൃഷ്ണ പിള്ള, മുൻ കൊല്ലം മേയർ പ്രസന്നാ ഏണസ്റ്റ്, പി.കെ. ഗോപൻ എന്നിവരാണ് നിലവിളക്കുകൾ തെളിയിച്ചത്.

ചടങ്ങിൽ ചവറ പാറുക്കുട്ടി, സംസ്ഥാനത്തെ മുതിർന്ന സാക്ഷരതാ പഠിതാവ് എലിസബത്ത്, ഡോ. ശിവരാമകൃഷ്ണ പിള്ള, പി. രാജേന്ദ്രൻ, അഡ്വ: ആർ. ഗോപാലകൃഷ്ണ പിള്ള, ജോർജ്ജ് പട്ടത്താനം, കമറുദ്ദീൻ മുസലിയാർ, മുൻ ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ചവറ വിജയൻ പിള്ള, സൗമ്യ ഗോപാലകൃഷ്ണൻ, സാക്ഷരതാ മിഷൻ കോ-ഓർഡിനേറ്റർ എസ്.പി. ഹരിഹരൻ ഉണ്ണിത്താൻ, ജില്ലാ പഞ്ചായത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളോട് സഹകരിച്ച റിട്ട: ഹെഡ്മാസ്റ്റർ മണികണ്ഠൻ എന്നിവരെ പി.കെ. ഗുരുദാസൻ എം.എൽ.എ പൊന്നാട അണിയിച്ച് ആദരിച്ചു.

ജില്ലാ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയ ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ. അനിൽകുമാർ ഉൾപ്പെടെ വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർക്ക് പി.കെ. ഗുരുദാസൻ എം.എൽ.എ, എസ്. ജയമോഹൻ, ജഗദമ്മ ടീച്ചർ, അഡ്വ: സന്ധ്യാറാണി, മായാ സുരേഷ്, ലീലാമ്മ, രാധാമണി എന്നിവർ ഉപഹാരങ്ങൾ സമർപ്പിച്ചു.

കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.kollamdp.lsgkerala.gov.in ന്റെ ഉദ്ഘാടനവും വേദിയിൽ കൊല്ലം എം.എൽ.എ പി.കെ. ഗുരുദാസൻ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജഗദമ്മ ടീച്ചർ കൃതജ്ഞത രേഖപ്പെടുത്തി.

**കെ. അനിൽ കുമാർ**
**(അഡീഷണൽ സെക്രട്ടറി ടു ഗവൺമെന്റ്)**
**സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കൊല്ലം**